ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ തീരുമാനം കഴിഞ്ഞ ഏപ്രിലിനു മുമ്പുതന്നെ എടുക്കുകയും കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സെക്ഷൻ 67 അനുസരിച്ച് ഈ ബേസിക് ടാക്സ് കളക്ഷൻ മുഴുവൻ പഞ്ചായത്തുകൾക്ക് കൊടുത്തുകൊണ്ട് നോട്ടിഫിക്കേഷൻ റവന്യൂ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കുകയും ചെയ്തു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. ബേബിജോൺ: എനിക്കറിയാവുന്ന മറുപടിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. ബി. ആർ. പിള്ള: അടിസ്ഥാന ഭൂനികുതിയിൽനിന്നും അഞ്ചും എട്ടും പത്തും സെന്റുള്ള ആളുകളെ ഒഴിവാക്കാമോ; ഇത്രയേക്കർ സ്ഥലത്തിനുമുകളിലുള്ള ആളുകളിൽനിന്നുമാത്രമേ പിരിക്കുകയുള്ളു എന്ന് നിശ്ചയിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഇല്ല, അങ്ങനെയില്ല. ഭൂമി ആരുടെ കൈവശമുണ്ടോ അവരിൽനിന്നെല്ലാം അടിസ്ഥാന നികുതി പിരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മന്ത്രിതന്നെ ഓർഡർ പുറപ്പെടുവിച്ച് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തതിനുശേഷം അങ്ങനെ ഇല്ലെന്നു പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതു ശരിയാണോ സർ?

(ഉത്തരം പറഞ്ഞില്ല.)

സാംസ്കാരിക വകുപ്പു രൂപീകരണം

*750 [826] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കലാ-സാംസ്കാരിക കാര്യങ്ങൾക്ക് സാംസ്കാരികവകുപ്പ് പ്രത്യേകം രൂപീകരിക്കുവാൻ നാളിതുവരെയായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് എടുത്തത്;

(ബി) ഈ വകുപ്പ് രൂപീകരിക്കുവാൻ മുൻ മന്ത്രിമാർ പല തവണ പറഞ്ഞിട്ടും എന്തുകൊണ്ടാണ് രൂപീകരണം വൈകിപ്പോകുന്നത്?

ധനകാര്യവകുപ്പുമന്ത്രി ശ്രീ. എസ്. വരദരാജൻ നായർ: (എ, ബി) 1965-ൽ നിയമിക്കപ്പെട്ട വെള്ളോടിക്കമ്മീഷനാണ് ഒരു സാംസ്കാരിക വകുപ്പ് പുതുതായി രൂപീകരിക്കണമെന്ന് ശുപാർശചെയ്തു. ഈ ശുപാർശ പരിശോധിച്ചതിനുശേഷം ഇപ്രകാരമൊരു ഡിപ്പാർട്ടുമെന്റ് രൂപീകരിക്കാൻ ചില നടപടികളെടുക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇപ്പോഴും ഈ കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബോണ്ടപ്പൻ നമ്പാടൻ: എന്നത്തേക്കു് ഈ വകുപ്പു് പൂർത്തിയാക്കാൻ സാധിക്കുമെന്നു് പറയാമോ?

ശ്രീ. എസ്. വരദരാജൻനായർ: സമയ ക്രിപ്തത പറയാൻ പറ്റുകയില്ല.

ശ്രീ. എം. വി. രാഘവൻ: സാംസ്കാരികവകുപ്പു് രൂപീകരിക്കാൻ തീരുമാനിച്ച സ്ഥിതിക്കു് അടിയന്തിരമായി രൂപീകരിക്കുകയും അതിനു് ഒരു മന്ത്രിയെക്കൂടി നിയമിക്കുകയും ചെയ്താൽ നന്നായിരിക്കുകയില്ലേ?

ശ്രീ. എസ്. വരദരാജൻനായർ: ശരിയായ ഒരു മന്ത്രിയെ കിട്ടാഞ്ഞിട്ടല്ല സാംസ്കാരിക വകുപ്പു് രൂപീകരിക്കാത്തതു്. മറ്റുചില നടപടികളും വേണ്ടതുകൊണ്ടു് താമസിക്കുന്നു എന്നേയുള്ളു.

ശ്രീ. പി. ബാലൻ: മാർക്സിസ്റ്റു് കക്ഷിക്കൂടി ഭരണമുന്നണിയിലേക്കു് ചേരാനിരിക്കുന്നതുകൊണ്ടു് സാംസ്കാരികവകുപ്പിന്റെ ചുമതല ശ്രീ. എം. വി. രാഘവനെ ഏൽപ്പിക്കാൻ ഭയവുണ്ടാകുമോ?

(ഉത്തരം പറഞ്ഞില്ല.)

എഡ്യൂക്കേഷൻ സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റ്

*760 [827] ശ്രീ. പി. കെ. ശ്രീനിവാസൻ:
,, വി. കെ. രാജൻ:
,, ഇ. പി. ഗോപാലൻ:
,, റഹീം എ. മജീദ്:
,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി സ്കൂളുകൾ അനുവദിച്ചതു് എഡ്യൂക്കേഷൻ സർവ്വേ നടത്തി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങളിലാണോ;

(ബി) എഡ്യൂക്കേഷൻ സർവ്വേ പ്രകാരം തയ്യാറാക്കിയ ഏതെങ്കിലും ലിസ്റ്റുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ):

(എ, ബി) 1978-79-ൽ ഇരുപത്തൊന്നു് ഹൈസ്കൂളുകൾ അനുവദിച്ചതു് ഗിരിവർഗ്ഗ പ്രദേശങ്ങളിലാണു്. 1979-80-ൽ

LIBRARY ARCHIVES Kerala Legislative Assembly